തീർപ്പാക്കുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറിൽനിന്നും പുതിയ പ്രൊപ്പോസൽ ലഭ്യമായിട്ടില്ലെങ്കിലും 7 മൃഗാശുപത്രികൾ വെറ്ററിനറി പോളിക്ലീനിക്കുകളാക്കി ഉയർത്തുന്നതിനുള്ള ശിപാർശയിൽ വെറ്ററിനറി ഡിസ്പെൻസറി കടുത്തുരുത്തിയും ഉൾപ്പെട്ടിട്ടുണ്ട്. ടി ഫയലിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

കന്നുകുട്ടി പരിപാലന പദ്ധതി

242 (1620) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി 2011-12 മുതൽ നാളിതുവരെ നീക്കിവച്ച തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പദ്ധതി പ്രകാരമുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവാക്കാത്തതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

എൻറോൾ ചെയ്യപ്പെട്ട കന്നുകുട്ടി ചത്തുപോകുക, ഗുണഭോക്താക്കൾ സ്വമേധയാ പദ്ധതിയിൽനിന്നും പിന്മാറുക, പദ്ധതിയിൽ എൻറോൾ ചെയ്തശേഷം കന്നുകുട്ടികളെ വിൽക്കുക, പഞ്ചായത്തുകളിൽനിന്നും ശരിയായ ഗുണഭോക്തൃപട്ടിക യഥാസമയം ലഭിക്കാതിരിക്കുക, പഞ്ചായത്ത് വിഹിതം ആവശ്യത്തിന് ലഭിക്കാതിരിക്കുക (സംസ്ഥാന വിഹിതത്തേക്കാൾ കുറവായിരിക്കുക), പദ്ധതി നിബന്ധനകൾ ശരിയായി പാലിക്കാത്തതിനാൽ ഗുണഭോക്താക്കൾ പുറത്താക്കപ്പെടുക മുതലായ കാരണങ്ങളാലാണ് 2011-12 മുതൽ പദ്ധതിക്ക് അനുവദിച്ച തുക മുഴുവനും ചെലവഴിക്കുവാൻ കഴിയാതിരുന്നത്.

(സി) ഉണ്ട്. ഗുണഭോക്തൃപട്ടികയിലുള്ള കർഷകർക്ക് 4 മുതൽ 6 മാസംവരെ പ്രായമുള്ള പശുക്കുട്ടി സ്വന്തമായിട്ടില്ലാതെ വരുമ്പോൾ തുക ചെലവഴിക്കുവാൻ കഴിയാറില്ല. പദ്ധതിയിലുൾപ്പെട്ട പശുക്കുട്ടികൾ ഇടയ്ക്കുവച്ച് ചത്തുപോകുക, കർഷകൻ സ്വമേധയാ പദ്ധതിയിൽനിന്നും പിരിഞ്ഞ് പോകുക, മുതലായ കാരണങ്ങൾ കൊണ്ടും തുക പൂർണ്ണമായി ചെലവഴിക്കാൻ കഴിയാതെ വരാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly